(എഫ് & ജി) പോലീസുദ്യോഗസ്ഥൻ പ്രതിയായ കേസിൽ അന്വേഷണവും വിചാരണയും പൂർത്തിയാവാത്തതിനാൽ വകുപ്പുതല ശിക്ഷാ നടപടി സ്വീകരിക്കാൻ മാത്രമേ തൽക്കാലം നിർവ്വാഹമുള്ളൂ.

കോട്ടയം ജില്ലാ സഹകരണ ബാങ്കിലെ വിജിലൻസ് അന്വേഷണം

70 [3457] ശ്രീ. എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലാ സഹകരണ ബാങ്കിൽ നടന്നുവരുന്ന വിജിലൻസ് അന്വേഷണം പൂർത്തീകരിച്ചോ;

(ബി) മൂന്നുവർഷമായി നടന്നുവരുന്ന അന്വേഷണം ആഗസ്റ്റ് 14-ന് മുമ്പ് പൂർത്തീകരിക്കാൻ കഴിയുമോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കോട്ടയം ജില്ലാ സഹകരണ ബാങ്കിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് മൂന്ന് വിജിലൻസ് അന്വേഷണങ്ങൾ വ്യത്യസ്ത കാലങ്ങളിലായി ഉത്തരവായിരുന്നു. ഇതിൽ രണ്ടെണ്ണം പൂർത്തിയായി. 2004-ൽ ഉത്തരവായ മൂന്നാമത്തെ അന്വേഷണം നടന്നുവരുന്നു. പൂർത്തീകരിച്ച അന്വേഷണത്തിൽ ഒന്നിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പുരോഗമിച്ചു വരുന്നു.

(ബി) കേസന്വേഷണം എത്രയും പെട്ടെന്ന് പൂർത്തീകരിക്കുവാൻ അന്വേഷണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇളംകുളം സർവ്വീസ് സഹകരണ ബാങ്കിലെ വിജിലൻസ് അന്വേഷണം

71 [3458] ശ്രീ. എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിലെ ഇളംകുളം സർവ്വീസ് സഹകരണ ബാങ്കിൽ 4-6-1998 മുതൽ ആരംഭിച്ച വിജിലൻസ് അന്വേഷണം പൂർത്തിയായോ;

(ബി) എങ്കിൽ അതിലെ പ്രതികൾ ആരൊക്കെയാണെന്നും അവർക്ക് ഏതെങ്കിലും രാഷ്ട്രീയപാർട്ടിയുമായി ബന്ധമുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) അന്വേഷണം പൂർത്തിയായില്ലെങ്കിൽ 6 വർഷക്കാലമായിട്ടും അന്വേഷണം പൂർത്തീകരിക്കാൻ കഴിയാത്തതെന്തുകൊണ്ട് എന്നും പോലീസിന്റെ ഭാഗത്തുനിന്നും അനാസ്ഥ ഉണ്ടായിട്ടുണ്ടെങ്കിൽ അതിനെതിരെ നടപടി സ്വീകരിക്കുമോ എന്നും അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly